പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 494

07.01.2014-ലെ മറുപടിയ്ക്ക്

# കൺസ്യൂമർഫെഡ്ഡിലെ അഴിമതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) കൺസ്യൂമർഫെഡ്ഡിൽ എത്ര കോടി രൂപയുടെ അഴിമതിയാണ് കണ്ടുപിടിച്ചിട്ടുള്ളതെന്നും, സാധനങ്ങൾ മൊത്തമായി വാങ്ങിയ ഇനത്തിൽ ഇടനിലക്കാർ എത്ര കോടി രൂപ അനധികൃതമായി കൈപ്പറ്റിയിട്ടുണ്ടെന്നും, ഇതിൽ എത്ര ജീവനക്കാർ ഉൾപ്പെട്ടിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (എ) കൺസ്യൂമർ ഫെഡിൽ നടന്നതായി പറയപ്പെടുന്ന അഴിമതിയിന്മേലുള്ള അന്വേഷണ റിപ്പോർട്ട് സഹകരണ വകുപ്പിൽ ലഭിച്ചിട്ടില്ല. |
| (ബി) അന്യസംസ്ഥാനങ്ങളിലെ കർഷകരിൽ നിന്നും സാധനങ്ങൾ നേരിട്ട് വാങ്ങാനുള്ള നടപടികൾ സ്വീകരിക്കാൻ എന്താണ് തടസ്സമെന്ന് വ്യക്തമാക്കുമോ? | (ബി) അന്യസംസ്ഥാനങ്ങളിലെ കർഷകരിൽ നിന്നും സാധനങ്ങൾ നേരിട്ട് വാങ്ങുന്നതിന് മുൻകൂറായി പണം നൽകേണ്ടിവരുന്നത് കൺസ്യൂമർ ഫെഡറേഷനെ സംബന്ധിച്ചിടത്തോളം ബുദ്ധിമുട്ടായതിനാലാണ് ഇത്തരത്തിലുള്ള നടപടികൾ സ്വീകരിക്കാൻ തടസ്സം ഉണ്ടാകുന്നത്. |

സെക്ഷൻ ഓഫീസർ